# ആശമാർ നേരിടുന്ന  സാമൂഹിക വിവേചനവും സാമ്പത്തിക ചൂഷണവും
# കേരള വനിതകൾക്ക് വെല്ലുവിളി

**ആമുഖം**

ആശമാരുടെ സമരം കേളത്തിലെ സാമൂഹികവും സാമ്പത്തികവുമായി വളരെ പിന്നോക്കം നില്ക്കുന്ന ഒരു വിഭാഗം സ്ത്രീതൊഴിലാളികളുടെ സാമൂഹിക നീതി ലഭിക്കുന്നതിനുവേണ്ടിയുള്ള വെല്ലുവിളിയാണ്. കേരളത്തിലെ ഒരുവിഭാഗം വനിതകൾ ലിംഗാധിഷ്ഠിത വിവേചനങ്ങൾക്കും സാമ്പത്തിക ചൂഷണത്തിനും വിധേയമാക്കപ്പെട്ട്, മോചനത്തിനായി ഉഴലുകയാണ്. നാം കേളികൊട്ടി പ്രചരിപ്പിച്ച "കേരള മോഡൽ" വികസന പരിപ്രേഷ്യത്തിന്റെ തകർച്ചയെയാണ് ആശാമാരുടെ സമരം പ്രതിഫലിപ്പിക്കുന്നത്. നവ-ആധുനിക കേരള നിർമ്മിതിക്കായി കേരളത്തിലെ ആശമാർ ഉൾപ്പെടുന്ന വനിതാ സമൂഹം അഭിമുഖീകരിക്കുന്ന 6 മുഖ്യ വെല്ലുവിളികൾ ഇവിടെ പ്രതിപാദിക്കട്ടെ. പൊടിക്കൈ പ്രയോഗങ്ങൾ പോരാ, ഇവയെ സമയബന്ധിതമായി മറികടക്കാൻ ആശമാരുടെ സമരം ഒരു നിമിത്തം തന്നെയാണ്.

**തകർന്ന കേരള മോഡൻ**

വികസന കാര്യങ്ങളിലും കേരളം ഇന്ത്യയിൽ താരതമ്യേന മെച്ചപ്പെട്ട ഒരു സംസ്ഥാനമാണ്. ദേശീയ തലത്തിൽ വളരെ ഉയർന്ന എച്ച്.ഡി.ഐ., വളരെ കുറഞ്ഞ കേവല ദാരിദ്ര്യം, ബിസിനസ്സ് ചെയ്യാൻ എളുപ്പം, തുടങ്ങിയവയിൽ നാം പ്രത്യേകം മുന്നേറ്റം നേടിയിരിക്കുന്നു. എന്നിരുന്നാലും നിലവിൽ സംസ്ഥാനത്തെ ആശാ തൊഴിലാളികൾ മികച്ച വേതനവും ആനുകൂല്യങ്ങളും ലഭിക്കുന്നതിനായി നിലവിൽ നീണ്ട പണിമുടക്കിലാണ് (ഫെബ്രുവരി 10-ാം തീയതി തുടങ്ങിയ സമരം തുടരുന്നു).കൂടാതെ വനിത സി.പി.ഒ. തസ്തികയിലെ റാങ്ക് ഹോൾഡർമാർ സർക്കാരിന്റെ ജോലി പോസ്റ്റിംഗിനായി ദീർഘനാളായി പണിമുടക്കിയിരുന്നു. റാങ്കു ഹോൾഡർമാർക്ക് ലഭിക്കേണ്ടിയിരുന്ന നിശ്ചിത ജോലികൾ ഔദ്യോഗിക നടപടിക്രമങ്ങളുടെ കാലതാമസവും വീഴ്ചയും മൂലം അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു.കേരളത്തിൽ ലിംഗവിവേചനം വളരെ ആഴത്തിൽ വേരൂന്നിയിരിക്കുന്നു. സംസ്ഥാനത്തിന്റെ സമഗ്ര വളർച്ചയുടെ അഭാവത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ലിംഗ വിടവിന്റെ നിലവിലെ മൊത്തത്തിലുള്ള കുറവും, സംസ്ഥാനത്തിന്റെ സമഗ്ര വളർച്ചയുടെ അഭാവവും നമുക്ക് പ്രധാന ആശങ്കകളാണ്.

വികേന്ദ്രീകൃതവും ശക്തമായ പൊതുജനാരോഗ്യ സംവിധാനം, മികച്ച സാമൂഹിക പങ്കാളിത്വ സൂചകങ്ങൾ എന്നിവയ്ക്ക് കേരളം എപ്പോഴും പ്രശംസിക്കപ്പെടുന്നുണ്ട്. എന്നിരുന്നാലും, പൊതു സാമൂഹിക മേഖലയിലെ സമീപകാല സംഭവവികാസങ്ങൾ സംസ്ഥാനത്ത് സമഗ്ര വളർച്ച കൈവരിക്കുന്നതിൽ നിലനിൽക്കുന്ന ലിംഗപരമായ അസമത്വങ്ങളും, വെല്ലുവിളികളും എടുത്തുകാണിക്കുന്നു. ശ്രദ്ധേയമായ ഒരു ഉദാഹരണമാണ് മികച്ച വേതനം, വിരമിക്കൽ ആനുകൂല്യങ്ങൾ, മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ എന്നിവ ആവശ്യപ്പെട്ട് അംഗീകൃത സോഷ്യൽ ഹെൽത്ത് ആക്റ്റിവിസ്റ്റ് (ASHA), വോളണ്ടിയർമാർ/തൊഴിലാളികൾ രണ്ടു മാസത്തിലേറെയായി പ്രതിഷേധ സമരം നടത്തുന്നത്. സംസ്ഥാനത്തിന്റെ ആരോഗ്യ സംരക്ഷണ സംവിധാനങ്ങളുടെ അഭിവാച്യ ഘടകമായ താഴേത്തട്ടിലുള്ള ആരോഗ്യ സംവിധാനങ്ങളുടെ ഏറ്റക്കുറച്ചിലുകൾ ആരോഗ്യ വോളണ്ടിയർമാരെയും/തൊഴിലാളികളെയും; പ്രധാനമായും സ്ത്രീകളുടെ തൊഴിൽ ശക്തി അംഗീകരിക്കുന്നതിനും അവർക്ക് അർഹമായ വേതനം നൽകുന്നതിലുമുള്ള പരാജയം, വ്യവസ്ഥാപരമായ പ്രശ്നങ്ങൾ, ഇവരുടെ പരാതികൾക്കു അടിവരയിടുന്നു.

ഇത്തരം വെല്ലുവിളികൾക്ക് മറുപടിയായി, ലിംഗപരമായ പ്രതികരണ ബജറ്റിംഗ് നടപ്പാക്കുന്നതിൽ കേരളം വളരെ പുരോഗതി കൈവരിച്ചിട്ടുണ്ട്. 2024-25ൽ ലിംഗ ബജറ്റ് വിഹിതം മൊത്തം പദ്ധതി വിഹിതത്തിന്റെ 21.35% ആയി എന്ന് ഗവൺമെന്റ് എന്നവകാശപ്പെടുന്നു. ഇത് സ്ത്രീശാക്തീകരണത്തിനുള്ള നമ്മുടെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നതായി കരുതാം. ജോലിസ്ഥലത്ത് ക്രഷുകൾ സ്ഥാപിക്കൽ, സ്കൂളുകളിൽ ആർത്തവ, ശുചിത്വ പരിപാടികൾ എന്നിവ നടപ്പിലാക്കൽ ഇതിലുൾപ്പെടുന്നു. കൂടാതെ സ്ത്രീകളെ സാമൂഹിക തലങ്ങളിൽ ഉൾപ്പെടുത്തുന്നതിൽ കേരളം പൊതുവെ മുൻപന്തിയിലാണ്. വികേന്ദ്രീകൃത ഭരണ കാര്യക്ഷമതയിലും സ്ത്രീകളുടെ ജീവിത നിലവാരം സംരക്ഷിക്കുന്നതിൽ കേരളത്തിലെ പല സ്വയംഭരണസ്ഥാപനങ്ങളും വളരെ ഉയർന്ന നിലയിലാണ്. എന്നിരുന്നാലും ആശാവർക്കർമാരും, മറ്റ്

വനിതാ പ്രൊഫഷണൽ തൊഴിൽ അന്വേഷകരും നിലവിൽ നടത്തുന്ന പ്രതിഷേധ സമരങ്ങൾ സൂചിപ്പിക്കുന്നത് പല തലങ്ങളിൽ അർഹമായ പരിഗണന സ്ത്രീകൾക്ക് ലഭിക്കുന്നില്ല എന്നതാണ്.

ലിംഗ സമത്വം പ്രോത്സാഹിപ്പിക്കുന്നതിൽ കേരളം പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും പ്രത്യേകിച്ച് താഴ്ന്ന വരുമാനക്കാരും അനൗപചാരിക തൊഴിൽമേഖലയിലുമുള്ള പണിയെടുക്കുന്ന ഈ വനിതകളുടെ ജീവിത അനുഭവങ്ങൾ അഭിസംബോധന ചെയ്യുന്നതിന് കാര്യമായ ക്രിയാത്മക / ഇടപെടൽ പ്രവർത്തനങ്ങൾ ഇനിയും ചെയ്യേണ്ടതുണ്ടെന്ന് സമീപകാല വനിതാ പ്രതിഷേധ സമരങ്ങൾ സൂചിപ്പിക്കുന്നു. സമഗ്രമായ വളർച്ച കൈവരിക്കുന്നതിന്, പുതിയ വനിത സംരംഭങ്ങൾ ആരംഭിക്കുന്നതിന്, ഇവയുടെ ഫലപ്രദമായ നടപ്പിലാക്കൽ, ആഴത്തിൽ വേരൂന്നിയിട്ടുള്ള ലിംഗ അധിഷ്ഠിതമായ പക്ഷാപാതങ്ങളും, അസന്തുലിതാവസ്ഥയും ഇല്ലാതാക്കുന്നതിനുള്ള യോജിച്ച ശ്രമങ്ങൾ ഉടനടി ഉണ്ടാവേണ്ടതുണ്ട്. വളരെ പ്രഘോഷിക്കപ്പെട്ടുവന്നിരുന്ന കേരള മോഡൽ വികസനം ആശാ വോളണ്ടിയേഴ്സ് പൊളിച്ചടുക്കിയിരിക്കുന്നു.

**അതിതീവ്ര ദാരിദ്ര്യം**

2021-ൽ കേരള സർക്കാർ നടത്തിയ അതിതീവ്ര ദരിദ്രരെ കണ്ടെത്തൽ സർവ്വേയിൽ തിരിച്ചറിഞ്ഞ കുടുംബങ്ങളിൽ ഏതാനും പേർ നിലവിലെ 22000ത്തോളം വരുന്ന ആശാ വോളണ്ടിയർമാർ ഉൾപ്പെടുന്ന കടുത്ത ദാരിദ്ര്യം അനുഭവിക്കുന്ന കുടംബങ്ങളിലും വ്യക്തികളിലും ഉൾപ്പെടുന്നുണ്ടാകണം എന്ന് ന്യായമായും കരുതാവുന്നതാണ്. ഈ തൊഴിലാളികളിൽ പലർക്കും വളരെ കുറഞ്ഞ വേതനവും, മറ്റ് 3 സാമൂഹിക സൂചകങ്ങളിൽ; വാസയോഗ്യമായ വീടുകളില്ല, ഭക്ഷണലഭ്യത കുറവുകൾ, തീവ്ര ആരോഗ്യ പ്രശ്നങ്ങൾ എന്നീ പിന്നോക്കാവസ്ഥകൾ ഉള്ളതിനാൽ സംസ്ഥാന സർക്കാരിന് ഈ സമരം ഒത്തുതീർപ്പാക്കുന്നതിൽ നിന്നും മാറിനിൽക്കാനാവില്ല.

കേരളത്തിലെ ആശാ (അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്റ്റിവിസ്റ്റ്) വോളണ്ടിയർ തൊഴിലാളികളിൽ പലരും സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന പശ്ചാത്തലത്തിൽ നിന്നുള്ളവരാണ്. ഇവരിൽ ഒരു അനുപാതം എങ്കിലും ദാരിദ്ര്യരേഖയ്ക്ക് (ബി.പി.എൽ.) താഴെയുള്ള വിഭാഗങ്ങളിൽ നിന്നുള്ളവരാണ്. എല്ലാ ആശാ വർക്കർമാരും കടുത്ത ദാരിദ്ര്യത്തിലാണെന്ന് തരംതിരിച്ചിട്ടില്ലെങ്കിലും, അവരുടെ പ്രതിമാസ ഓണറേറിയം പലപ്പോഴും മിനിമം വേതന നിരക്കിനേക്കാൾ വളരെ താഴെയാണ്, പല സന്ദർഭങ്ങളിലും ഇവർക്ക് പേയ്മെന്റുകൾ/ഓണറേറിയം വൈകിയോ ക്രമരഹിതമോ ആയാണ് ലഭിക്കുന്നത്. ഇത് ഇവരുടെ സാമ്പത്തിക പ്രതിസന്ധിയുടെ ആഘാതം വർദ്ധിപ്പിക്കുന്നുണ്ട്.

**വോളന്ററി തൊഴിൽ**

ആശാ വോളണ്ടിയർമാരെ ഔദ്യോഗികമായി സർക്കാർ ജീവനക്കാരായി നിലവിൽ കണക്കാക്കാനാവില്ല. മറിച്ച് ജോലിയിലുള്ള പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള പ്രോത്സാഹനം, പരിമിതമായ ഓണറേറിയം എന്നിവയുള്ള സന്നദ്ധ പ്രവർത്തകരായിട്ടാണ് പരിഗണിക്കപ്പെട്ട് വരുന്നത്. കേരളത്തിൽ ഒരു ആശാ വർക്കർക്കുള്ള പ്രതിമാസ വരുമാനം ₹7,000 മുതൽ ₹10,000 വരെയാണ്, ജോലി അടിസ്ഥാനമാക്കിയുള്ള പ്രോത്സാഹനങ്ങളെ ആശ്രയിച്ച് ലഭിക്കുക. വർദ്ധിച്ച് വരുന്ന ജീവിത ചിലവുകൾ കണക്കിലെടുക്കുമ്പോൾ ഇത് തികച്ചും പര്യാപ്തമല്ല.മിക്ക ആശാ വോളണ്ടിയർമാരും വനിതകളാണ്. പലപ്പോഴും ഇവരുടെ കുടുംബങ്ങളുടെ ഏക അല്ലെങ്കിൽ പ്രാഥമിക വരുമാനം കണ്ടെത്തുന്നവരാണ് മിക്കവരും. പെൻഷനുകൾ, ആരോഗ്യ ഇൻഷുറൻസ്, തൊഴിൽസുരക്ഷ പോലെയുള്ള ഔപചാരിക പരിരക്ഷകളുടെ അഭാവം ഇവരുടെ സാമ്പത്തിക സുസ്ഥിരതയെ കൂടുതൽ പരുങ്ങലിലാക്കിയിരിക്കുന്നു.

**സ്ത്രീവിരുദ്ധത**

ഈ സമരക്കാർ ഉയർത്തുന്ന അവകാശങ്ങൾ സംസ്ഥാന സർക്കാരിന് ഗുരുതരമായ രാഷ്ട്രീയവും സാമൂഹികവുമായ വെല്ലുവിളികളാണ് നൽകിയിരിക്കുന്നത്. സാമൂഹിക നീതി, ലിംഗ സമത്വം, ഉയർന്ന ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സ് (എച്ച്.ഡി.ഐ.), എന്നിവയിലൊക്കെ അഭിമാനിക്കുന്ന കേരളം, കോവിഡ്-19 പ്രതിസന്ധികളിൽ നിർണ്ണായക പങ്ക് വഹിക്കുകയും പൊതുജനാരോഗ്യ പരിപാടികളിലൂടെ മികച്ച സേവനം കേരള സമൂഹത്തിന് നൽകിയ ഈ മുൻനിര ആരോഗ്യ പ്രവർത്തകർ അവകാശ

ങ്ങൾക്കും, അന്തസ്സിനുംവേണ്ടി സമരം ചെയ്യുവാൻ നിർബന്ധിതരാകുന്നത്, നിശിതമായ ഇടതുപക്ഷ വിമർശനത്തിന് വിധേയമാക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ ഏറെ കെട്ടിഘോഷിക്കപ്പെടുന്ന വികസന മാതൃകയിൽ, അനൗപചാരിക പരിചരണ സേവന മേഖലയിലെ സ്ത്രീകളുടെ ജീവിത യാഥാർത്ഥ്യങ്ങളിലെ പ്രകടമായ നടത്തിപ്പ് വൈരുദ്ധ്യങ്ങളാണ് ഇപ്പോൾ നടക്കുന്ന ഈ പ്രക്ഷോഭം തുറന്നു കാട്ടുന്നത്. ഇത് നിലവിലെ ഭരണകൂടത്തോടുള്ള പൊതുജന വിശ്വാസവും പിൻതുണയും ഇല്ലാതാക്കിയിരിക്കുന്നു, പ്രത്യേകിച്ച് സ്ത്രീകൾക്കും താഴ്ന്ന വരുമാനുമുള്ള സമൂഹത്തിനും.

**വനിതാ പിന്നോക്ക അവസ്ഥകൾ**

കേരളത്തിലെ വനിതകൾ നേരിടുന്ന ഏതാനും മുഖ്യ പിന്നോക്കാവസ്ഥകൾ അധികാരികളുടെ കണ്ണ് തുറപ്പിക്കട്ടെ;

**(i)** താഴ്ന്ന വനിതാ തൊഴിൽ പങ്കാളിത്തം;

**(ii)** കൂലിയില്ലാ ഗാർഹിക തൊഴിലുകളുടെ ഗതിവിഗതികൾ:

**(iii)** വേതന വരുമാന വർദ്ധനവിന്റെ താഴ്ന്ന/കുറഞ്ഞ വളർച്ചാ നിരക്കുകൾ:

**(iv)** രാഷ്ട്രീയ അധികാര-പങ്കുവയ്ക്കലുകളിൽ അസമത്വങ്ങൾ;

**(v)** പൊതുവെ കുറഞ്ഞ വേതനം ലഭിക്കുന്ന തൊഴിലുകളിൽ തളയ്ക്കപ്പെടൽ;

**(vi)** സാമ്പത്തിക ഉൾപ്പെടുത്തലിൽ അവഗണന. മേൽ തലങ്ങളിൽ സ്ത്രീ-പുരുഷ തുല്ല്യ പരിഗണനകളുടെ അഭാവം വനിതകൾക്ക് മുഖ്യ വെല്ലുവിളികളായി നിലനില്ക്കുന്നു. ആശാ വോളണ്ടിയർമാർ മേൽ പ്രതിഭാസങ്ങളിലെ താഴെതട്ടിലെ ഒരു ചെറിയ ഘടകം മാത്രമാണ്.

**തൊഴിൽപങ്കാളിത്ത/നിരക്ക്**

കേന്ദ്ര ഗവൺമെന്റിലെ മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്രിമെന്റേഷന്റെ പുതിയ സർവ്വേ പ്രകാരം 2023-24ൽ കേരളത്തിലെ വനിതാ പുരുഷ തൊഴിൽ പങ്കാളിത്ത നിരക്കുകൾ (LFPR) അനുബന്ധ ദേശീയ നിരക്കുകളെക്കാൾ വളരെ പിന്നിലാണ്. കേരളത്തിൽ ഇവ യഥാക്രമം 33.4%, 59.1% ഉം ഇന്ത്യയിൽ 41.7%, 78.8% ആണ്. രൂക്ഷമായ ലിംഗാധിഷ്ഠിത തൊഴിൽ വിവേചനം കേരള സ്ത്രീകൾ നേരിടുന്നുണ്ട്.

**ഗാർഹിക കൂലിയില്ലാ തൊഴിലുകൾ**

കുടുംബ-ഗാർഹിക ഉത്തരവാദിത്വങ്ങൾ നിർവ്വഹിയ്ക്കുന്നതിൽ ഇന്ത്യയിലെ വനിതകൾ പുരുഷന്മാരെക്കാൾ ''പത്ത് മടങ്ങ്'' അധിക സമയം ഉപയോഗപ്പെടുന്നതായി എ.എൽ.ഒ. സർവ്വേ/മക്കൽസ്കി ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് പഠനം, റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഗാർഹിക പരിപാലനത്തിൽ വനിതകളുടെ കഠിനാധ്വാനത്തിന് കൂലി ലഭിക്കുന്നില്ല/കണക്കാക്കി നൽകുന്നില്ലതന്നെ. ശരാശരി പ്രതിദിനം ഒരു ഇന്ത്യൻ വനിത 297 മിനിറ്റുകൾ പ്രതിഫലം കൈപ്പറ്റാതെ കുടുംബത്തിനായി പ്രയത്നിക്കുമ്പോൾ പുരുഷന്മാർ കേവലം 31 മിനിറ്റ് മാത്രം ഗാർഹിക തൊഴിലിൽ പങ്കെടുക്കുന്നു. ഇത് കേരളത്തിലാകുമ്പോൾ യഥാക്രമം 350 ഉം 47ഉം മിനിറ്റ് വീതമാവുന്നു. സംസ്ഥാനത്തിന്റെ മികച്ച മനുഷ്യ വിഭവസ്ഥാനത്തിന് ഇവർ വലിയ സംഭാവനയാണ് ചെയ്യുന്നത് എന്നുകാണാം. വീട്ടു ജോലികൾ നിർവ്വഹിച്ചതിനുശേഷം ഈ വീട്ടമ്മമാർ കുടുംബം പോറ്റാൻ പണിയെടുത്താൽ അവർക്ക് തുച്ഛമായ പ്രതിഫലം നൽകുന്നത് ന്യായീകരിക്കാനാവില്ല.

**വേതന വർദ്ധനവ്**

2022-23ൽ അഖിലേന്ത്യ തലത്തിൽ വനിതകളുടെ വേതന-വരുമാനം 5.2% വർദ്ധിച്ചപ്പോൾ കേരളത്തിന് 4.7% വർദ്ധനവ് രേഖപ്പെടുത്തി. ഇതോടൊപ്പം കേരളത്തിലെ പട്ടണ പ്രദേശങ്ങളിൽ പണിയെടു

ക്കുന്ന വനിതകൾക്ക് പ്രതിദിനം ശരാശരി 494/- രൂപ ലഭിക്കുമ്പോൾ പുരുഷന്മാർക്ക് 903/- രൂപ ലഭിക്കുന്നു. ലിംഗാധിഷ്ഠിത വേതനവിടവ് കേരളത്തിൽ രൂക്ഷമായി നിലനിൽക്കുന്നു.

**സാമ്പത്തിക ഉൾപ്പെടുത്തൽ**

വ്യക്തിഗത, അഖിലേന്ത്യ ബാങ്ക് നിക്ഷേപങ്ങളിൽ 40% മാത്രമെ വനിതകളുടെ പേരിലായിട്ടുള്ളൂ, എന്നാൽ ഇത് കേരളത്തിൽ 36% ആയി നിലകൊള്ളുന്നു. സാമ്പത്തിക ഉൾപ്പെടുത്തൽ വിടവിന്റെ കാര്യത്തിലും കേരള വനിതകൾ ദേശീയ നിരക്കിനെക്കാൾ പിന്നിലാണ്.

**രാഷ്ട്രീയ അധികാര പങ്കാളിത്തം**

ലിംഗാധിഷ്ഠിത അധികാരം പങ്കുവയ്ക്കൽ പ്രക്രിയകളുടെ ഭാഗമായി പ്രാദേശിക, ഗ്രാമ-ബ്ലോക്ക് ജില്ലാ തലങ്ങളിൽ 50:50 സ്ത്രീ-പുരുഷ അനുബന്ധം നിർബന്ധമാക്കിയിട്ടുള്ള മാതൃക, കേരള നിയമസഭ പാർലമെന്റ് തെരഞ്ഞെടുപ്പിൽ പ്രാവർത്തികമാക്കിയിട്ടില്ല. 2024ലെ ലോകസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിൽ നിന്നും ഒരു വനിതപോലും തിരഞ്ഞെടുക്കപ്പെട്ടില്ല, എന്നാൽ അഖിലേന്ത്യാ തലത്തിൽ 13.6% അംഗങ്ങൾ വനിതകളാണ്. 2021-22ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ 8.6% അംഗങ്ങൾ വനിതകളാണ് കേരളത്തിൽ ഇത് ദേശീയ ശരാശരിയായ 10 ശതമാനത്തെക്കാൾ കുറവാണ്. പ്രാദേശിക തലങ്ങളിൽ നിയമാനുസൃതമായ 33 & 50 ശതമാന മാനദണ്ഡങ്ങളുടെ ഏർപ്പെടുത്തലുകൾ, മുകൾ തട്ടുകളിലേയ്ക്ക് ഉള്ള ക്രമാനുഗത വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനായി കാണാനാവുന്നില്ല. രാഷ്ട്രീയ അധികാര പങ്കുവയ്ക്കൽ വിടവുകൾ, അസമത്വങ്ങൾ എന്നിവ നികത്തുന്നതിൽ കേരള വനിതകൾ ബഹുദൂരം മുന്നേറേണ്ടതായിട്ടുണ്ട്.

**രൂക്ഷമായ വേതന വിവേചനം**

വനിതകൾക്ക് പൊതുവിൽ വേതനക്കുറവും, കുറഞ്ഞ വേതന നിരക്കു ജോലികളുടെ ഉടമസ്ഥതയും പേറേണ്ടിവരുന്നത് തികച്ചും അഭിലക്ഷണീയമല്ല. ഇത് ലേബർ മാർക്കറ്റ് നിയമങ്ങൾക്ക് എതിരാണ്. 2025 ലെ 3 മാർച്ച് ഗസറ്റ് ഉത്തരവുപ്രകാരം കേരളത്തിലെ കർഷക തൊഴിലാളികൾക്ക് പ്രതിദിന വേതനം Rs.830ഉം Rs.710ഉം ആയി തഥാക്രമം കഠിന ലളിത പ്രവർത്തികൾക്ക് നിജപ്പെടുത്തിയിരുന്നു. എന്നാൽ പലപ്പോഴും പലതലങ്ങളിൽ/ഇടങ്ങളിൽ വനിതകൾക്ക് നിശ്ചിത നിരക്കിനെക്കാൾ കുറഞ്ഞ കൂലിയാണ് ലഭിക്കാറുള്ളത്. മേൽ നിരക്കുകൾ അങ്കണവാടി വർക്കർമാർ, തൊഴിലുറപ്പുകാർ, ആശാ വോളന്റിയേഴ്സ് എന്നിവയുടെ യഥാക്രമം പ്രതിദിന ശരാശരി നിരക്കുകളായ Rs.417, Rs.369, Rs.300 എന്നതിനെക്കാൾ ഉയർന്നിരിക്കുന്നത് വളരെയേറെ വിശദാംശങ്ങൾ സംഗ്രഹിക്കുന്നുണ്ട്. മേൽ തൊഴിലുകളിൽ ഏർപ്പെട്ടു കുടുംബ-ഉപജീവനം നടത്തുന്നവർ നിലവിലെ രൂക്ഷമായ വിലക്കയറ്റം, തൊഴിലില്ലായ്മകളെയാണ് പ്രതിരോധിക്കേണ്ടി വരുന്നത്.

**ഫണ്ട് വിഹിത തർക്കങ്ങൾ**

കേന്ദ്ര സർക്കാർ നിർദ്ദേശിച്ച മാൻഡേറ്റുകൾ മിക്കവയും പാലിച്ചതായി സംസ്ഥാന സർക്കാർ അവകാശപ്പെടുന്നു. അതേസമയം കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റ് ഉറപ്പുകൾ പാലിക്കാത്തതിന്റെ പേരിൽ ഫണ്ട് റിലീസുകൾ തടഞ്ഞുവയ്ക്കുകയും ചെയ്യുന്നു. ഈ തർക്കം പദ്ധതി ഗുണഭോക്താക്കളുടെയും, പ്രവർത്തകരുടെയും, താല്പര്യങ്ങളെ തുടരെ ഹനിക്കുന്നു. പ്രവർത്തന മികവില്ലാത്ത ഈ നടത്തിപ്പ് പരാജയങ്ങൾ ഒഴിവാക്കേണ്ടതുണ്ട്.

**2025–26 സാമ്പത്തിക ബജറ്റിൽ**

- നിർദ്ദിഷ്ട ഓണറേറിയം : ആശാ തൊഴിലാളികൾ അവരുടെ പ്രതിമാസ ഓണറേറിയം ₹21,000 ആയി വർദ്ധിപ്പിച്ച് വേണ്ട തുക ബജറ്റിൽ വകയിരുത്തണമെന്ന് സമരക്കാർ അഭ്യർത്ഥിക്കുന്നു.
- കണക്കാക്കിയ വാർഷിക ചെലവ് : നിർദ്ദിഷ്ട ഓണറേറിയം (₹21,000) നടപ്പിലാക്കുകയാണെങ്കിൽ വാർഷിക മൊത്തം ചെലവ് ഏകദേശം ₹660 കോടിയായി ഉയരും. നിലവിലെ മുൻ സാമ്പത്തിക

വാർഷിക ചിലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏകദേശം ₹449 കോടി രൂപയുടെ വർദ്ധനവിനെ ചൂണ്ടിക്കാണിക്കുന്നു.

- വിരമിക്കൽ ആനുകൂല്യങ്ങൾ : ₹5,00,000 എന്ന ഒറ്റത്തവണ വിരമിക്കൽ ആനുകൂല്യത്തിനും തൊഴിലാളികൾ വാദിക്കുന്നുണ്ട്. എന്നിരുന്നാലും ഈ ആവശ്യത്തിനായിട്ടുള്ള പ്രത്യേക തുക ബജറ്റിൽ വകയിരുത്തുമെന്ന ഉറപ്പ് ലഭിച്ചിട്ടില്ല. ഈ വിരമിക്കൽ ആനുകൂല്യം ഉൾപ്പെടുത്തുന്നത് സാമ്പത്തിക ആവശ്യകതയെ വർദ്ധിപ്പിക്കുന്നു. എന്നിരുന്നാലും 2025-26 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റ് വിഹിതത്തിന്റെ ചിലവ് മൊത്തം വലിപ്പം കണക്കിലെടുക്കുമ്പോൾ ഈ തുക വളരെ വലിയ തുകയല്ല എന്ന് കാണാവുന്നതാണ്. കൂടാതെ രാഷ്ട്രീയ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി സംസ്ഥാന സർക്കാർ നിരവധി കാരണങ്ങൾ പറഞ്ഞ് വൻതോതിൽ, ദുർലഭമായ പൊതു വിഭവങ്ങൾ പാഴാക്കാറുണ്ട് എന്നത് പൊതുവെ സാധാരണ ജനത്തിന് നല്ലതുപോലെ അറിയാവുന്നതാണ്.

**സമുദ്രത്തിലെ തുള്ളി**

ചുരുക്കത്തിൽ ആശാ വർക്കർമാർ ഓണറേറിയങ്ങൾക്കായിട്ടുള്ള നിലവിലെ വാർഷിക ചിലവ് ഏകദേശം ₹211 കോടി ആണെങ്കിലും, നിർദ്ദിഷ്ട ആവശ്യങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാന ബജറ്റ് വിഹിതത്തിൽ ഗണ്യമായ വർദ്ധനവ് ആവശ്യമാണ്. ഇത് പ്രതിവർഷം ₹449 കോടി അധികമാകുമെന്ന് കണക്കാക്കപ്പെടുന്നു. വിരമിക്കൽ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തുന്നത് ബജറ്റിലെ സാമ്പത്തിക ബാധ്യതയെ കൂടുതൽ വർദ്ധിപ്പിക്കുമെന്നാണ് സംസ്ഥാന സർക്കാർ വാദിക്കുന്നത്. കേരളത്തിലെ ഒരു സാധാരണക്കാരനും ഈ വിശദീകരണം സ്വീകാര്യമാകുമെന്ന് കരുതാനാവില്ല. മറ്റ് അനേക തലങ്ങളിൽ സർക്കാർ നടത്തുന്ന പാഴ് ചിലവുകൾ നിർത്തലാക്കി ഈ തുക കണ്ടെത്താവുന്നതാണ്. (ഉദാഹരണം മുഖ്യമന്ത്രിയുടെ നിലവിലെ പി.ആർ.കൺസൾട്ടൻസി ചെലവുകൾ, നവകേരള സദസ്സുകൾ, വാർഷിക ആഘോഷങ്ങൾ മുതലായവ).

**രണ്ട് ദശാബ്ദങ്ങളായി ചൂഷണം**

2005-ൽ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന് കീഴിൽ സ്ഥാപിതമായ ആശാ തൊഴിലാളികൾക്കായുള്ള ''സന്നദ്ധ പ്രവർത്തക മാതൃക'', അവരുടെ സേവനങ്ങളിലുള്ള പൊതുജനങ്ങളുടെ ആശ്രയത്വം വർദ്ധിച്ചിട്ടും ഏകദേശം രണ്ട് ദശാബ്ദങ്ങളായി വലിയ മാറ്റങ്ങളില്ലാതെ തുടരുന്നു. ''സന്നദ്ധ പ്രവർത്തക ജോലി'' എന്നു വിളിക്കുന്നത് നാം അംഗീകരിക്കേണ്ടതുണ്ട്. ആശാ പ്രവർത്തകരുടെ നിലവിലെ സേവനങ്ങൾ വേണ്ടന്ന് വയ്ക്കുവാൻ ഈ സർക്കാർ തയ്യാറാകുമോ? പകരക്കാരായി നിലവിലെ ഏതെങ്കിലും സർക്കാർ ആരോഗ്യതല ഉദ്യോഗസ്ഥ വകുപ്പിന് നിർവ്വഹണം മറ്റ് ബാധ്യതകളില്ലാതെ ഏൽപ്പിക്കുവാൻ സാധിക്കുമോ. പൊതുജനാരോഗ്യ നിർവ്വഹണ ചിലവുകൾ കുറയ്ക്കുന്നതിനായി സംസ്ഥാന കേന്ദ്ര സർക്കാരുകൾ ഈ മാതൃക തുടർന്ന് പോരുകയാണ്. ഔപചാരിക തൊഴിൽ, തൊഴിൽ സംരക്ഷണം, പെൻഷനുകൾ എന്നിവ നൽകാതെ കുറഞ്ഞ വേതനം നൽകി സ്ത്രീകൾ മുഖേന കോർ ആരോഗ്യ സേവനങ്ങൾ ഫലപ്രദമായി നിർവ്വഹണം ചെയ്യപ്പെടുന്നു. ഈ സംവിധാനം അവരുടെ അധ്വാനത്തെ കുറച്ചുകാണുക മാത്രമല്ല, ലിംഗപരവും സാമ്പത്തികവുമായ അസമത്വത്തെ ചൂഷണം ചെയ്ത് ഊട്ടിവളർത്തുന്നു.

**എൻ.എച്ച്.എം. മോഡൽ പരാജയം**

ആശ വോളണ്ടിയേഴ്സ് മുഖേന നടപ്പിലാക്കിവരുന്ന ആരോഗ്യ പ്രോത്സാഹന പരിപാടിക്ക്; നന്നായി രൂപകല്പന ചെയ്ത ഉള്ളടക്കം, ലക്ഷ്യങ്ങൾ, ഉത്തരവാദിത്വങ്ങൾ, സാമ്പത്തിക പാക്കേജുകൾ, പ്രോത്സാഹനങ്ങൾ എന്നിവയുണ്ട്, എന്നാൽ സംസ്ഥാന സർക്കാരിന്റെ എൻ.എച്ച്.എം. ആസ്ഥാനത്ത് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ജോലികൾ, നടപ്പാകാത്ത പ്രവർത്തനങ്ങൾ, പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ, തുടർനടപടികൾ സ്വീകരിക്കേണ്ട ഇനങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ മിക്കവയും ലഭ്യമല്ല. ഒരു സംസ്ഥാന ഭരണകൂടവും, സർക്കാരും എങ്ങനെ കാര്യക്ഷമതയില്ലാതെ പ്രവർത്തിക്കുമെന്നുള്ളതിന്റെ ദുർഭരണത്തിന് ഒരു ഉദാഹരണമാണ് ഈ പ്രോഗ്രാം. നടത്തിപ്പ് സംസ്ഥാനത്തെ ജനങ്ങൾക്ക് നിലവിൽ

ഗുണനിവാരമുള്ള ആരോഗ്യ സേവനങ്ങൾ മികച്ച രീതിയിൽ ലഭ്യമാക്കുവാൻ ഈ സർക്കാരിന് കഴിയില്ല/താല്പര്യമില്ല എന്നതിന്റെ ഒരുദാഹരണമാണ് ഈ സമരം തുടരുന്നത്.

**ഭരണപരമായ വിടവുകൾ**

ദേശീയ ആരോഗ്യ ദൗത്യത്തിന് (NHM) കീഴിലുള്ള ആശ പരിപാടിക്ക് വ്യക്തമായി നിർവചിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ, പരിചരണ മോഡ്യൂളുകൾ, പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള പ്രോത്സാഹനങ്ങൾ, നിരീക്ഷണ പ്രോട്ടോകോളുകൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു സമഗ്ര ഘടനയുണ്ട്. എന്നിരുന്നാലും ഉയർന്ന സാക്ഷരത, പൊതു അവബോധം, പുരോഗമനപരമായ ക്ഷേമപ്രവർത്തനങ്ങൾ എന്നിവകൾ ആഘോഷമാക്കുന്ന സംസ്ഥാനമായ കേരളത്തിൽ ആശാ പ്രോഗ്രാമിന്റെ അടിസ്ഥാനപരമായ നടത്തിപ്പിൽ ഭരണപരമായ വിടവുകൾ രൂക്ഷമാണ്. ശക്തവും ഉത്തരവാദിത്വമുള്ളതുമായ ഭരണനടത്തിപ്പ് സംവിധാനങ്ങളുടെ അഭാവത്തിൽ ആശ മാതിരിയുള്ള നിലവിലെ തട്ടുമുട്ട് ചട്ടക്കൂടുകൾ പ്രായോഗികമായി എങ്ങനെ തകരുമെന്ന് വ്യക്തമാക്കുന്നു.

(i) **നിരീക്ഷണത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും അഭാവം** : വിശദമായ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും സംസ്ഥാന ജില്ലാ തലങ്ങളിലുള്ള എൻ.എച്ച്.എം. ഓഫീസുകൾക്ക് ആശാ വോളണ്ടിയർമാരുടെ ജോലികൾ, പരാതി തീർപ്പാക്കൽ, നടത്തിപ്പ് പ്രശ്നങ്ങൾ എന്നിവ തൽസമയം ട്രാക്ക് ചെയ്യാൻ പലപ്പോഴും സാധിച്ചിരുന്നില്ല, ആയതിലുള്ള സംവിധാനങ്ങൾ സജീവമായി സേവനം നിർവ്വഹിക്കുന്നുണ്ടോ എന്ന് പുനഃപരിശോധിക്കേണ്ടതാണ്.

(ii) **രാഷ്ട്രീയം അമിതമായി വ്യാപിച്ച ഒരു അന്തരീക്ഷത്തിൽ ഭരണപരമായ പക്ഷാഘാതം, നടത്തിപ്പ് പരാജയം തന്നെയാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്** : കേരളത്തിന്റെ വളരെയധികം രാഷ്ട്രീയ വൽക്കരിക്കപ്പെട്ട ഉദ്യോഗസ്ഥ സംവിധാനം പലപ്പോഴും കാലതാമസം നേരിടുന്ന തീരുമാനങ്ങൾ, വിഘടിച്ച ഉത്തരവാദിത്വ സംവിധാനം, പരസ്പര പഴിചാരലുകൾ, എന്നിവയിലേക്ക് നിരന്തരം കൂപ്പുകുത്തി വീഴുന്നു.ഒദ്യോഗിക രംഗത്തെ കെടുകാര്യസ്ഥത മറികടക്കാൻ ത്വരിത നടപടികൾ ഉണ്ടാവുന്നില്ല. ആശാ വോളണ്ടിയർമാർക്കുള്ള ആനുകൂല്യങ്ങൾ നിജമായി നൽകുകയോ, പിൻതുണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയോ ചെയ്യുന്നതുൾപ്പെടെയുള്ള നിർണ്ണായക ആരോഗ്യ ഭരണ തീരുമാനങ്ങൾ പലപ്പോഴും ഉദ്യോഗസ്ഥ ചുവപ്പുനാടയിൽ കുടുങ്ങുകയോ രാഷ്ട്രീയ വാചകമടിയിൽ തകരുകയോ ചെയ്തിരിക്കുന്നു.

പ്രവർത്തനക്ഷമമായ പ്രതികരണ /ഫീഡ്ബാക്ക് സംവിധാനങ്ങൾ നിലവിൽ ഇല്ല. അഥവാ ഉണ്ടെങ്കിൽ അവ പ്രവർത്തനക്ഷമമല്ല. കൂടാതെ തുടർ റിപ്പോർട്ടുകൾ തുടരെ വൈകുകയോ നടപടി എടുക്കൽ ഒഴിവാക്കുകയോ ആണ് പലപ്പോഴും സംഭവിക്കുക. പല ആശാ വർക്കർമാരും അവരുടെ ഫീൽഡ് നടത്തിപ്പ് ഡേറ്റയും മറ്റ് ആശങ്കകളും മാസങ്ങളോളം പരിശോധിക്കപ്പെടാതെ, അംഗീകരിക്കപ്പെടാതെ കുമിഞ്ഞുകൂടുന്നതായി പരാതിപ്പെട്ടിരുന്നു.

(iii) **ആരോഗ്യ സേവന വിതരണത്തിലെ അപജയം**: സംസ്ഥാന സർക്കാർ അതിന്റെ ആരോഗ്യ സൂചികകളെയും പൊതുജനാരോഗ്യ മാതൃകയേയും പ്രഘോഷിക്കാറുണ്ടെങ്കിലും ഫീൽഡ്തല മുൻനിര തൊഴിലാളികളുടെ അടിസ്ഥാന അവകാശങ്ങളെയും പിന്തുണാ സംവിധാനങ്ങളെയും കണ്ണടച്ച് ഇവിടെ അവഗണിക്കുന്നത് ഗുരുതരമായ വിശ്വാസ്യതാ വിടവ് സൃഷ്ടിച്ചിരിക്കുന്നു.

(iv) **താഴ്ന്ന തലങ്ങളിലെ അസന്തുലിതാവസ്ഥ** : കേരളത്തിന്റെ ആരോഗ്യ ഭരണരംഗം താഴ്ന്ന തലങ്ങളിൽ അസന്തുലിതാവസ്ഥയിലേക്ക് വഴുതിവീണിരിക്കുകയാണ്: അമിത ജോലിഭാരമുള്ള, കുറഞ്ഞ വേതനം ലഭിക്കുന്ന തൊഴിലാളികളുടെയും വ്യവസ്ഥാപരമായ കാര്യക്ഷമതയില്ലായ്മയുടെയും പ്രതിഫലനമായാണ്, മികവില്ലാതെ ഇപ്രകാരം പദ്ധതികൾ നടത്തപ്പെടുന്നത്. ദീർഘകാല അടിസ്ഥാനത്തിൽ വിപുലീകരിക്കാവുന്ന മെച്ചപ്പെടുത്തലുകൾ സ്ഥാപനവത്ക്കരിക്കപ്പെടുന്നതിന് പകരം ആശാ വോളണ്ടിയർമാരുടെ സൽസ്വഭാവം, പ്രവർത്തനശേഷി. കുറഞ്ഞ വേതനത്തിൽ കടുത്ത ജോലി ചെയ്യാനുള്ള സന്മനസ്സ്, എന്നിവയാണ് ഈ വകുപ്പ് നാളുകളായി ആശ്രയിച്ചുവന്നിരുന്നത്.

**നിഗമനങ്ങൾ**

ഈ ആശാ മാതൃക അഗാധമായി ദീർഘകാലമായിട്ട് അന്യായമായ നടത്തിപ്പിനെയാണ് ആശ്രയിച്ചു പോന്നിരുന്നത്. കൂടാതെ ഈ പ്രോഗ്രാം നടപ്പിലാക്കുന്നതിൽ സുസ്ഥിരമല്ലാത്തതും, ചൂഷണപരവുമായ സംവിധാനമാണ് കാണപ്പെടുന്നത്. കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ആശാ വോളണ്ടിയർമാരുടെ പ്രതിഷേധ സമരം ഇവരുടെ നീറുന്ന അതൃപ്തിയെ പ്രതിഫലിപ്പിക്കുന്നു. കൂടാതെ ടോക്കണിസ്റ്റ്, സന്നദ്ധ പ്രവർത്തനത്തിൽ നിന്ന് മാറി തൊഴിലാളികൾക്ക് ന്യായമായ വേതനം, ആനുകൂല്യങ്ങൾ, ജോലിയുടെ അന്തസ്സ് എന്നിവ ഉറപ്പ് നൽകുന്ന പൊതുജനാരോഗ്യ സേവകരായി ആശാ വോളണ്ടിയർമാരെ അംഗീകരിക്കുന്നതിലേക്ക് സർക്കാർ മാറണമെന്ന ശക്തമായ ആവശ്യം ഉയർന്നിരിക്കുന്നു. സമഗ്ര വികസനം ഭരണത്തിന്റെ ഒരു മുഖമുദ്രയായി ഉയർത്തിപ്പിടിക്കുന്ന കേരളം പോലുള്ള സംസ്ഥാനത്തിന് ഇത് ഒരു വൈരുദ്ധ്യമാണ്, ധാർമ്മിക വെല്ലുവിളിയും അടിയന്തിരമായി പരിഹരിക്കേണ്ട നയപരമായ വെല്ലുവിളിയുമാണ്.

വാചകമടി - മേളകൾ, പ്രതികരണശേഷിയുള്ളതും ഡേറ്റാ അധിഷ്ഠിതവുമായ ഭരണത്തിന് പകരമാവില്ല എന്നതിന്റെ വ്യക്തമായ ഓർമ്മപ്പെടുത്തലാണ് ഈ സമരം. സാമൂഹിക വികസനത്തിൽ കേരളം അതിന്റെ നേതൃത്വം നിലനിർത്തണമെങ്കിൽ സർക്കാരും ഭരണസംവിധാനവും രാഷ്ട്രീയ നേതൃത്വവും വ്യവസ്ഥാപരമായ അലംഭാവത്തിന് മുകളിൽ ഉയരുകയും, അടിസ്ഥാനതല ഫീഡ്ബാക്ക് സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. അടിസ്ഥാന തലത്തിലുള്ള മുൻനിര പ്രവർത്തകരെ അവർ അർഹിക്കുന്ന അന്തസ്സോടും തുല്യതയോടും പരിഗണിക്കുകയും വേണം. അപ്പോൾമാത്രമെ സമഗ്രവും ഗുണനിലവാരമുള്ളതുമായ പൊതുജനാരോഗ്യം എന്ന വാഗ്ദാനം കേരളത്തിൽ യാഥാർത്ഥ്യമായി മാറൂ.

പണിമുടക്കുന്ന ആശാ വോളണ്ടിയർമാർ ഒരു സ്വതന്ത്ര്യ അസ്സോസിയേഷന്റെ കീഴിലാണ് സംഘടിക്കുന്നതെങ്കിലും, കോൺഗ്രസ്സ്, സി.പി.ഐ., ബി.ജെ.പി. എന്നിവരുൾപ്പെടെയുള്ള ഒന്നിലധികം രാഷ്ട്രീയ പാർട്ടികളുടെ സംഘടനാ പിൻതുണ ഇവരുടെ പ്രതിഷേധ സമരത്തിന് ലഭിച്ചിട്ടുണ്ട്. എങ്കിലും സി.പി. ഐ.(എം)ഉം അതിന്റെ ട്രേഡ് യൂണിയൻ വിഭാഗമായ സി.ഐ.റ്റി.യു ഉം പണിമുടക്കിനെ പിൻതുണച്ചിട്ടില്ല, പകരം കേന്ദ്ര സർക്കാരിന്റെ വിവേചനപരമായ പങ്കിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പ്രതിഷേധ സമരങ്ങൾ സംഘടിപ്പിച്ചിരുന്നു. ആശമാരുടെ റിട്ടയർമെന്റ് പരിധി പ്രായം നിശ്ചയിച്ച് പ്രസിദ്ധീകരിച്ച ഉത്തരവ് റദ്ദാക്കിയത് സർക്കാരിന്റെ ഭരണ പരാജയത്തിന് മകുടം ചാർത്തുന്നു.

**ഉപസംഹാരം**

കേരള സംസ്ഥാനത്ത് വളരെ ശക്തമായി തുടരുന്ന ലിംഗാധിഷ്ഠിത വിടവുകളും അനുബന്ധ വനിതാ സാമ്പത്തിക പിന്നോക്കാവസ്ഥകളും ഉന്മൂലം ചെയ്യുവാൻ ആശമാരുടെ സമരം വിജയം കാണട്ടെ.ആശമാർക്ക് പകരം ആരോഗ്യവകുപ്പിന് എന്ത് പുതിയ ചെലവു കുറഞ്ഞ സംവിധാനം നടപ്പിലാക്കുവാൻ ഉണ്ട് എന്നത് അവർ വ്യക്തമാക്കട്ടെ. നിലവിൽ ആശമാർക്ക് പകരം ആശമാർ മാത്രം.

***